Publication: Metro Vartha
Date: 17-03-10
Page No. 11
Headline: Corrugated Box Manufacturing Units on the Verge of Closure

# കടലാസ് ബോക്സ് നിർമാണ യൂനിറ്റുകൾ അടച്ചുപൂട്ടൽ ഭീഷണിയിൽ

കൊച്ചി

ക്രാഫ്റ്റ് പേപ്പറിന്റെ വിലക്കയറ്റം മൂലം കൊറുഗേറ്റഡ് ബോക്സ് യൂനിറ്റുകൾ അടച്ചുപൂട്ടൽ ഭീഷണിയിൽ. പേപ്പറിന്റെ വിലക്കയറ്റം കാരണം 25 ശതമാനത്തിലധികം വർധനയാണ് ഉത്പാദനച്ചെലവിലുണ്ടായിരിക്കുന്നത്.

അവശ്യസാധനങ്ങളായ പാൽ, പച്ചക്കറി, തുണി, ഔഷധങ്ങൾ തുടങ്ങിയവ ലക്ഷ്യസ്ഥാനത്തെത്തിക്കുന്നതിനു കൊറുഗേറ്റഡ് ബോക്സുകൾ അനിവാര്യമാണ്. സ്റ്റാർച്ചിന്റെ വില ഇരട്ടിയായി. സ്റ്റിച്ചിങ് വയറിന്റെ വിലയിൽ 40 ശതമാനത്തോളം വർധന. മരങ്ങൾ ഉപയോഗിക്കാതെയാണു ബോക്സുകൾ നിർമിക്കുന്നതെന്നതിനാൽ പരിസ്ഥിതിക്കും ഇവ ഗുണകരമാണ്.



ചെറുകിട മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണു ബോക്സുകൾ നിർമിക്കുന്നത്. പേപ്പർ മില്ലുകൾ മുന്നറിയിപ്പില്ലാതെ വൻതോതിൽ വില വർധിപ്പിക്കുകയും അത് ഉടനടി നടപ്പാക്കുകയും ചെയ്യുന്നതാണു വലിയ പ്രശ്നം. എന്നാൽ ഇതനുസരിച്ചു പാക്കെജിങ് യൂനിറ്റുകളുടെ ഇടപാടുകാർ ഉത്പന്നങ്ങൾക്കു വില വർധിപ്പിക്കുന്നുമില്ല. വില വർധിപ്പിക്കാനായി മൂന്നാഴ്ചയോളം സാവകാശം ചോദിച്ചിരിക്കുകയാണു പാക്കെജിങ് യൂനിറ്റുകാർ.

ക്രാഫ്റ്റ് പേപ്പർ നിർമാണത്തിനാവശ്യമായ ഫൈബറിന് ആഗോളതലത്തിൽത്തന്നെ ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഭൂകമ്പം കാരണം ചിലിയിലെ പൾപ്പ് മില്ലുകൾ പൂട്ടാനിടയായതും വടക്കേ അമേരിക്കൻ രാജ്യങ്ങളിൽ ഹിമപാതം ശക്തമായതും ക്ഷാമത്തിനു കാരണമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ വില വർധന ന്യായീകരിക്കാവുന്നതാണെങ്കിലും പേപ്പർ മില്ലുകൾ ഒറ്റക്കെട്ടായി വില വർധിപ്പിക്കുകയും തീരുമാനം അടിച്ചേൽപ്പിക്കുകയും ചെയ്യുന്നതു തടയണമെന്നു കേന്ദ്രസർക്കാറിനോടാവശ്യപ്പെട്ടിട്ടുണ്ടെന്ന് ഇന്ത്യൻ കൊറുഗേറ്റഡ് കെയ്സ് മാനുഫാക്ചറേഴ്സ് അസോസിയേഷൻ (ഐസിസിഎംഎ) പ്രസിഡന്റ് കീർത്തി മോഡിയും, സെക്രട്ടറി ഹരീഷ് മദനും അറിയിച്ചു.

ക്രാഫ്റ്റ് പേപ്പറുകൽ കസ്റ്റംസ് തീരുവയില്ലാതെ ഇറക്കുമതി ചെയ്യാനനുവദിക്കണമെന്നും കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രാലയത്തോട് അഭ്യർഥിച്ചിട്ടുണ്ട്. ഉത്പന്നങ്ങൾക്ക് 25 ശതമാനമെങ്കിലും വില വർധിപ്പിച്ചില്ലെങ്കിൽ യൂനിറ്റുകൾ പൂട്ടേണ്ട അവസ്ഥയിലാണെന്നും ഇവർ പറഞ്ഞു.